## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2751.** **12.10.2011-ൽ മറുപടിക്ക്**

### ബാലവേല തടഞ്ഞ് - പുനരധിവസിപ്പിക്കാൻ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എ.എം. ആരിഫ്** | | **ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലവേല തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്രമമായുള്ള പരിശോധനയ്ക്കുപുറമെ ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും സ്ക്വാഡ് പരിശോധന നടത്തുകയും ബാലവേലയ്ക്കെതിരെ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 'ബാല തൊഴിൽ നിരോധനം' ഒരു വർഷത്തെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ബാലവേല ചെയ്യിച്ചതിന്റെ പേരിൽ എത്രപേർക്കെതിരെ കേസ് ചാർജ് ചെയ്തു എന്ന് അറിയിക്കുമോ; | (ബി) | കേസുകളൊന്നും തന്നെ ചാർജ്ജ് ചെയ്തിട്ടില്ല. |
| (സി) ബാലവേല ചെയ്യുവാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കി കുട്ടികൾക്ക് പഠനം, ഭക്ഷണം, വസ്ത്രം എന്നിവ നൽകുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ അത് ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ബാലവേല ചെയ്യാൻ നിർബന്ധിയ്ക്കപ്പെടുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത കുട്ടികളെ അവരുടെ മാതാപിതാക്കളെ ഏല്പിയ്ക്കുന്ന കാര്യം തൊഴിൽ വകുപ്പ് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ